നം. ICDS-B3-12025/18

വനിതാ ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 16.06.2018
ഇ മെയിൽ: swdicds@gmail.com
ഫോൺ നം: 0471- 2346534.

# സർക്കുലർ

വിഷയം: വനിതാ ശിശു വികസന വകുപ്പ് - മഴക്കാല കെടുതികൾ - ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്ന വിവിധ ഗുണഭോക്താക്കൾക്ക് THRS എത്തിക്കുന്നത് - സംബന്ധിച്ച്.

സൂചന: വനിതാ ശിശുവികസന ഡയറക്ടറുടെ 14.06.2018 ലെ നിർദ്ദേശം.

വനിതാ ശിശുവികസന വകുപ്പിന്റെ ഗുണഭോക്താക്കളായ സ്ത്രീകളും കുട്ടികളും കാലവർഷ കെടുതികൾമൂലം വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നുണ്ട്. ഇവരെ പ്രോഗ്രാം ഓഫീസർമാർ, സിഡിപിഒമാർ, സൂപ്പർവൈസർമാർ എന്നിവർ നേരിട്ട് ക്യാമ്പുകൾ സന്ദർശിക്കേണ്ടതും അങ്കണവാടി വഴി ഇവർക്ക് ലഭിക്കേണ്ടതായ ഭക്ഷ്യവസ്തുക്കൾ (അമൃതം ന്യൂട്രിമിക്സ് ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്ക് ജനറൽ ഫീഡിംഗായി നൽകിവരുന്ന ഭക്ഷണ പദാർത്ഥങ്ങൾ തുടങ്ങിയവ) ക്യാമ്പുകളിൽ എത്തിച്ചു നൽകേണ്ടതുമാണ്.

സന്ദർശന സമയത്ത് ശുചിത്വശീലങ്ങളെ കുറിച്ചും പകർച്ചവ്യാധികൾ പകരാതിരിക്കാൻ സ്വീകരിക്കേണ്ട മുൻകരുതലുകളെ കുറിച്ചും ബോധവൽക്കരണം നടത്തേണ്ടതുമാണ്. THRS വിതരണം നടത്തിയതു സംബന്ധിച്ചും, ബോധവൽക്കരണം നടത്തിയതു സംബന്ധിച്ചും റിപ്പോർട്ട് ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർ ഈ ഓഫീസിൽ നൽകേണ്ടതുമാണ്.

**വനിതാ ശിശുവികസന ഡയറക്ടർ**

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും സൂപ്പർവൈസർമാർക്കും

**പകർപ്പ്**

1. ഡയറക്ടറുടെ സി.എ.
2. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
3. കരുതൽ ഫയൽ